# മാതൃഭൂമി

**16 January 2018**

# സി.എം.എഫ്.ആർ.ഐ.യിൽ രാജ്യാന്തര സഫാരി സമ്മേളനം തുടങ്ങി

**കൊച്ചി ▸** മത്സ്യബന്ധന മേഖലയുടെ ഉന്നമനത്തിന് സാങ്കേതികതയെ കൂട്ടുപിടിക്കണമെന്ന് കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. ത്രിലോചൻ മൊഹാപത്ര. സാങ്കേതിക വിദ്യ പുരോഗമിക്കുന്നതനുസരിച്ച് അവ കൃത്യമായ രീതിയിൽ മത്സ്യബന്ധന മേഖലയിൽ ഉപയോഗിക്കാൻ തയ്യാറാവണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) സംഘടിപ്പിക്കുന്ന രണ്ടാമത് രാജ്യാന്തര സഫാരി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഐ.സി.എ.ആർ. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിച്ചു. ദേശീയ ബയോഡൈവേഴ്സിറ്റി അതോറിറ്റി ചെയർപേഴ്സൺ ഡോ. ബി. മീനാകുമാരി, നോർവെയിലെ നാൻസൺ എൻവയോൺമെൻറൽ റിമോട്ട് സെൻസിങ് സെൻററിലെ ലെസ്സെ എച്ച്. പെറ്റേഴ്സൺ, യു.കെ.യിലെ ഹാം സർവകലാശാലയിലെ ഡോ. റോഡ്നി എം. ഫോസ്റ്റർ, നാൻസൺ എൻവയോൺമെൻറൽ റിമോട്ട് സെൻസിങ് സെൻറർ ഇന്ത്യ ചെയർമാൻ പ്രൊഫ. എൻ.ആർ. മേനോൻ, സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, സി.എം.എഫ്.ആർ.ഐ.യിൽ ഫിഷറി റിസോഴ്സസ് അസസ്മെൻറ് ഡിവിഷൻ മേധാവി ഡോ. ടി.വി. സത്യാനന്ദൻ എന്നിവർ സംസാരിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി മുന്നൂറോളം പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. പൊതുജനങ്ങൾക്കായി മത്സ്യ-ഭക്ഷ്യ-കാർഷിക മേളയും പ്രദർശനവും ഒരുക്കിയിട്ടുണ്ട്. ബുധനാഴ്ച സമാപിക്കും.



▶ രാജ്യാന്തര സമ്മേളനത്തോടനുബന്ധിച്ച് നടത്തുന്ന സ്റ്റാളുകൾ

## പിടയ്ക്കണ മീൻ, പൊക്കാളി പുട്ടുപൊടി

**കൊച്ചി ▸** പിടയ്ക്കുന്ന മീനുകളുടെയും ഭക്ഷ്യോത്പന്നങ്ങളുടെയും ശേഖരം സി.എം.എഫ്.ആർ.ഐ. സംഘടിപ്പിക്കുന്ന മത്സ്യ-ഭക്ഷ്യ-കാർഷിക മേളയിലുണ്ട്. കൂടുകൃഷിയിൽ വിളവെടുത്ത കാളാഞ്ചി, കരിമീൻ തുടങ്ങിയ മീനുകളെ ജീവനോടെ കൈയിലാക്കാനാവും.

പൊക്കാളി പുഴുങ്ങിയ അരി, പൊക്കാളി പച്ച അരി, പൊക്കാളി പുട്ടുപൊടി, പൊക്കാളി അവലോസ് പൊടി, പൊക്കാളി അവലോസ് ഉണ്ട എന്നിവയുണ്ട്.

കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ സ്പൈസസ് ബോർഡും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെയും മഞ്ഞൾ, കുരുമുളക്, കറുവപ്പട്ട തുടങ്ങിയവയും ലഭിക്കും. ഇതോടൊപ്പം നിരയുടെയും കേരള വെജിറ്റബിൾസ് ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെയും വ്യത്യസ്ത സ്റ്റാളുകളുമുണ്ട്.

വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാങ്കേതിക വിദ്യകളുടെ പ്രദർശനവുമുണ്ട്. ഐ.എസ്.ആർ.ഒ., ഇൻകോയിസ് തുടങ്ങിയ സ്ഥാപനങ്ങളുടെ സ്റ്റാളുകളും സമുദ്ര അലങ്കാര മത്സ്യങ്ങളുടെ ശേഖരങ്ങളുള്ള മറൈൻ അക്വേറിയവും കാണാം. പ്രവേശനം സൗജന്യം.